**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5335** **02-11-2021 - ൽ മറുപടിയ്ക്ക്**

**മിൽക്ക് ഷെഡ് ഡെവലപ്മെൻറ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദന മേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനായി ആരംഭിച്ച മിൽക്ക് ഷെഡ് ഡെവലപ്മെൻറ് പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | മിൽക്ക് ഷെഡ് ഡെവലപ്മെൻറ് പദ്ധതിയിലൂടെ പാലുല്പാദനം മെച്ചപ്പെടുകയും ഗുണഭോക്താക്കളെല്ലാം തന്നെ പശുവളർത്തൽ ഒരു പ്രധാന ഉപജീവനമാർഗ്ഗമായി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ നൂതന പദ്ധതികളിൽ ആകൃഷ്ടരായി വളരെയധികം പുതിയ സംരംഭകരും കർഷകരും ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പുതിയ സംരംഭകർക്ക് ലഭ്യമാക്കുന്ന സഹായങ്ങൾ വിശദമാക്കാമോ; | (ബി) | മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിയ്ക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചിലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്. |
| (സി) | മിൽക്ക് ഷെഡ് ഡെവലപ്മെൻറ് പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) | മിൽക്ക് ഷെഡ് ഡെവലപ്മെൻറ് പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻഗണന നൽകുന്നത് പശുവളർത്തൽ ഉപജീവനമായി സ്വീകരിച്ചിട്ടുള്ള ക്ഷീരകർഷകർ, |

| | | | |
|---|---|---|---|
| | | | വനിതാ ക്ഷീരകർഷകർ, ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷീരകർഷകർ എന്നിവർക്കാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയിലൂടെ കന്നുകാലി സമ്പത്തിലും പാൽ ഉല്പാദനത്തിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദീകരിക്കുമോ; | (ഡി) | ഉണ്ട്. മിൽക്ക് ഷെഡ് ഡെവലപ്മെൻറ് പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്ന ഉരുക്കളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് എത്തിക്കുന്നത്. ഉല്പാദനക്ഷമത കൂടിയ പശുക്കളെയാണ് വകുപ്പ് മുഖേന ധനസഹായത്തോടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഈ പദ്ധതിയിൽ വാങ്ങുന്നത്. ഇത് സംസ്ഥാനത്തിന്റെ കാലിസമ്പത്തിനോടൊപ്പം പാലുല്പാദനവും വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുന്നു. |
| (ഇ) | യുവ ക്ഷീരകർഷകരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (ഇ) | യുവ ക്ഷീരകർഷകരെ ആകർഷിക്കുന്നതിനും സംരംഭകത്വം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമാക്കിയും ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിയ്ക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചിലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്. അവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ കർഷകർക്ക് പശുവളർത്തലിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നു കൂടാതെ, ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ